**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2298** | **21-01-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | മഹാപ്രളയങ്ങളും കോവിഡും സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയിൽ വലിയ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 2020-21 ൽ ഗണ്യമായ കുറവ് ഉണ്ടാകുമെന്നാണ് കണക്കാക്കി യിരിക്കുന്നത്. നികുതിയിനത്തിൽ 32.85 ശതമാനവും നികുതിയേതര വരുമാനത്തിൽ 37.47 ശതമാനവും കുറവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) | കേരളത്തിന്റെ സാമ്പത്തിക വളർച്ച നിലവിൽ എത്ര ശതമാനമാണ്; അത് ദേശീയ ശരാശരിയുമായി തട്ടിച്ച് നോക്കുമ്പോൾ മെച്ചപ്പെട്ട നിലയിലാണോ; | (ബി) | 2019-20 സാമ്പത്തിക വർഷത്തെ ജി.എസ്.ഡി.പി വളർച്ച നിരക്ക് (current price ൽ) 8.15 ശതമാനമാണ്. എന്നാൽ, ആ വർഷത്തെ ജി.ഡി പി വളർച്ചാ നിരക്ക് നിരക്ക് (current price ൽ) 7.21 ശതമാനമായിരുന്നു. |
| (സി) | പ്രതികൂല സാഹചര്യം മറികടന്ന് കേരള വികസനം യാഥാർത്ഥ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾ മറികടന്ന് സംസ്ഥാനം വീണ്ടും വളർച്ചയുടെ പാതയിലേയ്ക്ക് എത്തിക്കുന്നതിനാണ് 2021-22 ലെ ബജറ്റ് വിഭാവനം ചെയ്യുന്നത്. കിഫ്ബി മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും സംസ്ഥാനത്തിന്റെ വികസന ലക്ഷ്യങ്ങൾ യഥാർത്ഥ്യമാക്കുവാൻ സഹായകമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ